ഉത്തരം

(എ) ഉണ്ട്.

(ബി) നിയമനിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുന്നതേയുള്ളൂ.

ഡി.ടി.പി.സി.-കൾ നൽകിയ പ്രോജക്ടുകൾ

80 [3227] ശ്രീ. എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികളെപ്പറ്റി ഡി.ടി.പി.സി.-കൾ നൽകിയ എത്ര പ്രോജക്ടുകൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്;

(ബി) അവയിൽ വയനാട് ജില്ലയെ സംബന്ധിക്കുന്ന ഏതെല്ലാം പ്രോജക്ടുകളുണ്ട്;

(സി) ഇവ സംബന്ധിച്ച് എന്നേക്ക് തീർപ്പ് കൽപ്പിക്കുമെന്ന് പറയുമോ;

(ഡി) ജില്ലകളിൽ നടപ്പാക്കേണ്ട ടൂറിസം വികസന പദ്ധതികൾ നടപ്പാക്കാനുള്ള പൂർണ്ണ അധികാരം ഡി.ടി.പി.സി.-കൾക്ക് കൈമാറാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒന്നും ഇല്ല.

(ബി, സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

(ഡി) ഈ നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

വിദേശപര്യടനത്തിന്റെ ചെലവ്

81 [3228] ശ്രീ. ടി. കെ. ദേവകുമാർ :
„ പി. സി. ജോർജ്:
„ വി. കെ. സി. മമ്മത്കോയ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവർത്തന സ്വാതന്ത്ര്യം അനുവദിക്കണമെന്ന കേരള ടൂറിസം കോർപ്പറേഷൻ ചെയർമാന്റെ ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടൂറിസം വകുപ്പിന്റെ അനുമതി കൂടാതെ കെ.ടി.ഡി.സി.-യെ പ്രതിനിധീകരിച്ച് ആരെങ്കിലും വിദേശ പര്യടനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കെ.ടി.ഡി.സി.-യുടെ ആവശ്യാർത്ഥം ടൂറിസം വകുപ്പുമന്ത്രിയും ചെയർമാനും ഇതിനകം നടത്തിയ വിദേശ പര്യടനം കൊണ്ട് എന്തു നേട്ടമാണ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് മൊത്തം യാത്രാചെലവ് സഹിതം വിശദമാക്കാമോ?

ഉത്തരം

(എ) പത്രവാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാരിന്റെ അനുമതിയില്ലാതെ ആരും കെ.ടി.ഡി.സി.-യെ പ്രതിനിധീകരിച്ച് വിദേശയാത്ര നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിദേശ പര്യടനത്തിലൂടെ കെ.ടി.ഡി.സി.-ക്ക് ബിസിനസ്സ് വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിദേശത്തെ വിവിധ ട്രാവൽ ഏജൻസികളുമായി കരാറിൽ ഏർപ്പെടുന്നതിനും കഴിഞ്ഞിട്ടുണ്ട്. അതുവഴി വരും വർഷങ്ങളിൽ കെ.ടി.ഡി.സി. ഹോട്ടലുകളിൽ കൂടുതൽ ബിസിനസ്സ് ഉണ്ടാകും. ഈ സർക്കാർ നിലവിൽ വന്നശേഷം ചെയർപേഴ്സൺ ഔദ്യോഗിക ആവശ്യങ്ങൾക്കായി വിദേശ പര്യടനം നടത്തിയ വകയിൽ ഇതുവരെ 6,54,208 രൂപ ചെലവായിട്ടുണ്ട്. കേരള ടൂറിസം വകുപ്പിനെ പ്രതിനിധീകരിച്ച് ബഹു. ടൂറിസം വകുപ്പുമന്ത്രി വിദേശ രാജ്യങ്ങൾ സന്ദർശിച്ച വകയിൽ ഇതുവരെ 5,67,482 രൂപ ചെലവായിട്ടുണ്ട്.

ടൂറിസം വകുപ്പ് നടത്തിയ ഉദ്ഘാടനച്ചടങ്ങുകൾ

82 [3229] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിലും വകുപ്പ് നേരിട്ടും നടത്തിയ ഉദ്ഘാടനങ്ങൾക്ക് ഓരോന്നിനും ചെലവായ തുക വ്യക്തമാക്കാമോ;

(ബി) സർക്കാർ ആഭിമുഖ്യത്തിലുള്ള ഉദ്ഘാടനത്തിന് ചട്ടങ്ങളനുസരിച്ച് അനുവദനീയമായ തുക എത്ര;

(സി) ചട്ടങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചവരിൽ നിന്ന് അധിക തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ചെലവായ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി—ഡി) ചടങ്ങുകളുടെ പ്രാധാന്യം അനുസരിച്ചുള്ള തുകയാണ് ചെലവഴിക്കുന്നത്. ഇതിനായി പ്രത്യേക ചട്ടങ്ങളൊന്നും നിലവിലില്ല.

ടൂറിസം വകുപ്പ് പരസ്യയിനത്തിൽ ചെലവ് ചെയ്ത തുക

83 [3230] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വകുപ്പ് പരസ്യയിനത്തിൽ എത്ര തുക ചെലവ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പരസ്യയിനത്തിൽ എത്ര തുക കുടിശ്ശിക നൽകാനുണ്ട്; ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് ഇനിയും പരസ്യം ചെയ്ത വകയിൽ ബാക്കി തുക നൽകാനുള്ളത്?

† അനുബന്ധം III.

LIBRARY ARCHIVES Kerala Legislative Assembly